പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.2803

17.06.2019 -ലെ മറുപടിയ്ക്ക്

## പൂട്ടിക്കിടക്കുന്ന തോട്ടങ്ങളുടെ പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.ഇ.എസ്.ബിജിമോൾ: | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) പീരുമേട് മണ്ഡലത്തിൽ പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | എ) പീരുമേട് മണ്ഡലത്തിൽ പൂട്ടികിടക്കുന്ന തോട്ടങ്ങൾ തുറന്നു പ്രവർത്തിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധി കാരണം പീരുമേട് മണ്ഡലത്തിലെ പീരുമേട് റ്റി കമ്പനി, ബോണാമി എസ്റ്റേറ്റ്, കോട്ടമല എസ്റ്റേറ്റ് (എം.എം.ജെ.പ്ലാൻറേഷൻസ്) എന്നിവ പൂട്ടികിടക്കുകയാണ്. ടി തോട്ടങ്ങൾ തുറന്ന് പ്രവർത്തിക്കുന്നതിനായി അഡീഷണൽ ലേബർ കമ്മീഷണർ (ഐ.ആർ)-ന്റെ സാന്നിദ്ധ്യത്തിലും, ലേബർ കമ്മീഷണറുടെ സാന്നിദ്ധ്യത്തിലും നിരവധി ചർച്ചകൾ നടത്തിയെങ്കിലും പ്രശ്നപരിഹാരമായില്ല. തൊഴിൽ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2017, ഡിസംബറിൽ നടന്ന ചർച്ചയിൽ എസ്റ്റേറ്റ് തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് തോട്ടങ്ങളിലെ തൊഴിലാളികൾക്ക് നൽകുവാനുള്ള ആനുകൂല്യങ്ങളെ സംബന്ധിച്ച ലിസ്റ്റ് എറണാകുളം റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ മുഖേന സമർപ്പിക്കുവാൻ നിർദ്ദേശം നൽകി. ആയതിൻ പ്രകാരം മാനേജ്മെന്റ് ലിസ്റ്റ് സമർപ്പിച്ചു. കോട്ടയം, ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസിന്റെ നിയന്ത്രണത്തിൽ പീരുമേട്, ബോണക്കാട് എന്നിവിടങ്ങളിൽ ക്യാമ്പ് സിറ്റിംഗ് നടത്തി, ഗ്രാറ്റുവിറ്റി അപേക്ഷകൾ സ്വീകരിക്കുകയും കോട്ടയം ഡെപ്യൂട്ടി ലേബർ കമ്മീഷണർ മുമ്പാകെ ഗ്രാറ്റുവിറ്റി കേസുകൾ ഫയൽ ചെയ്യുകയുമുണ്ടായി. തുടർന്ന് നവംബർ 2018-ൽ തൊഴിൽ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ പങ്കെടുത്ത മാനേജ്മെന്റുകൾ സാമ്പത്തിക പ്രതിസന്ധി കാരണമാണ് തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുവാൻ സാധിക്കാത്തതെന്നും വിരമിച്ച തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി, വിരമിക്കൽ |

ആനുകൂല്യം എന്നിവയും മറ്റു തൊഴിലാളികൾക്ക് ശമ്പള കുടിശ്ശികയും നൽകിയാൽ മാത്രമേ തോട്ടം തുറന്നു പ്രവർത്തിപ്പിക്കുവാൻ കഴിയൂ എന്ന് അറിയിച്ചു. ഇക്കാര്യത്തിൽ പ്രൊപ്പോസൽ സമർപ്പിക്കുവാൻ മാനേജ്മെന്റുകളോട് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ എം.എം.ജെ. പ്ലാന്റേഷൻസ്, മഹാവീർ പ്ലാന്റേഷൻസ് എന്നീ മാനേജ്മെന്റുകൾ സമർപ്പിച്ച പ്രൊപ്പോസലുകൾ പരിശോധിച്ചു വരുന്നു.

ബി) പീരുമേട് മണ്ഡലത്തിലെ തോട്ടം തൊഴിലാളികൾക്ക് ഭവനപദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ബി) പീരുമേട് മണ്ഡലത്തിലെ തോട്ടം തൊഴിലാളികൾക്ക് ഭവന പദ്ധതിക്കുവേണ്ട സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതാണ്. ആർ.ബി.റ്റി പീരുമേട് എസ്റ്റേറ്റിൽ 5 ഏക്കർ സ്ഥലം നൽകുമെന്ന് തോട്ടം ഉടമയുടെ സമ്മതം ലഭിച്ചിട്ടുണ്ട്. മേൽ പറഞ്ഞ സ്ഥലത്തിന്റെ സാങ്കേതിക പഠന റിപ്പോർട്ട് കിറ്റ്കോ വഴി ലഭ്യമാക്കുകയും പ്രസ്തുത റിപ്പോർട്ടിൻ പ്രകാരം ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നതിനാൽ താലൂക്ക് സർവ്വേയർ മുഖേന ശരിയായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

Sreekala

**സെക്ഷൻ ഓഫീസർ**